LIBRARY ARCHIVES Kerala Legislative Assembly

## ശുദ്ധജലക്ഷാമം പരിഹരിക്കാൻ നടപടികൾ

**195 (887)** ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മികച്ച മഴ ലഭിച്ചിട്ടും സംസ്ഥാനം കടുത്ത വരൾച്ചയെ ഇത്തവണ അഭിമുഖീകരിക്കാൻ സാധ്യതയുണ്ടെന്ന് സംസ്ഥാന ദുരന്ത നിവാരണ കേന്ദ്രത്തിന്റെ റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവോ ; എങ്കിൽ അതിന്മേൽ എന്തുനടപടി സർക്കാർ സ്വീകരിച്ചു ; വിശദാംശം നൽകുമോ ;

(ബി) 2015 ജനുവരി മുതൽ സംസ്ഥാനത്തിന്റെ 65% മേഖലകളിലും ശുദ്ധജലക്ഷാമം അനുഭവപ്പെടുകയും മലിനജലം ഉപയോഗിക്കേണ്ടിയും വരുമെന്നതിനാൽ ഇതിൽനിന്നും ജനങ്ങളെ രക്ഷിക്കാൻ സർക്കാർ എന്തുനടപടികൾ സ്വീകരിക്കുമെന്നും ഇതിനായി എത്ര തുക നീക്കിവച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തെ നദികളെയും ജലാശയങ്ങളെയും കുളങ്ങളെയും നീരുറവകളെയും സംരക്ഷിക്കാൻ സർക്കാർ നടപ്പുവർഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(ഡി) ഇതിനായി നടപ്പുവർഷം എത്ര തുക വകയിരുത്തി ; ഏതെല്ലാം പദ്ധതികൾവഴി എത്ര തുക ചെലവാക്കി ; എത്ര തുക വകമാറ്റി ചെലവാക്കി ; വിശദാംശം ലഭ്യമാക്കുമോ ?

**ഉത്തരം**

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

## ജലസ്രോതസ്സുകളുടെ സംരക്ഷണം

**196 (888)** ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. വർക്കല കഹാർ:
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലസ്രോതസ്സുകളുടെ സംരക്ഷണത്തിന് പദ്ധതി രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(സി) ആരെല്ലാമാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) വരൾച്ച പ്രതിരോധിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) **ജലസേചന വകുപ്പ്**

ജലസ്രോതസ്സുകളുടെ സംരക്ഷണത്തിന് താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കുളങ്ങൾ/ചിറകൾ എന്നിവയുടെ സംരക്ഷണത്തി നായി 'ഒരു പഞ്ചായത്തിൽ ഒരു കുളം' എന്ന പദ്ധതിക്കുപുറമേ സംസ്ഥാന ബഡ്ജറ്റ് വിഹിതമുപയോഗപ്പെടുത്തി ജലസ്രോതസ്സുകളുടെ സംഭരണശേഷി വർദ്ധിപ്പിക്കൽ, സംരക്ഷണപ്പണികൾ എന്നിവയും നിർവ്വഹിച്ചുവരുന്നു. കായലുകൾ/തടാകങ്ങൾ എന്നിവയുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് തയ്യാറാക്കിയിട്ടുള്ള മാനേജ്മെന്റ് ആക്ഷൻ പ്ലാനിൽ വിഭാവനം ചെയ്തിട്ടുള്ള സംരക്ഷണ പ്രവൃത്തികളും നടപ്പിലാക്കുന്നു. കേന്ദ്രസർക്കാരിന്റെ 'Repair, Renovation and Restoration of Water Bodies' എന്ന പദ്ധതിയിൽനിന്നും ധനസഹായം ലഭിക്കുന്നതിനായി അതിന്റെ മാർഗ്ഗ നിർദ്ദേശങ്ങളിൽ സംസ്ഥാനത്തിന് അനുയോജ്യമായ രീതിയിൽ മാറ്റം വരുത്തുന്നതിനുള്ള നിർദ്ദേശം പരിശോധിച്ചു വരികയാണ്. കൂടാതെ പതിമൂന്നാം ധനകാര്യ കമ്മീഷൻ വിഹിതം ഉപയോഗപ്പെടുത്തിയും ജലസ്രോതസ്സുകൾ സംരക്ഷിച്ചുവരുന്നു.

**കേരള വാട്ടർ അതോറിറ്റി**

കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള ശുദ്ധജല വിതരണ പദ്ധതികൾ പ്രധാനമായും പുഴകളെയും തടാകങ്ങളെയും ആശ്രയിച്ചാണ് നിലകൊള്ളുന്നത്. വാട്ടർ അതോറിറ്റിയുടെ കുടിവെള്ള സ്രോതസ്സുകൾക്ക് സമീപം പരസ്യ ബോർഡുകൾ സ്ഥാപിച്ചും പത്രമാധ്യമങ്ങളിലൂടെ പരസ്യം നൽകിയും മലിനീകരണങ്ങൾ തടയുവാനും കയ്യേറ്റങ്ങൾ ഉണ്ടാകാതെയും സംരക്ഷിക്കുന്നുണ്ട്.

**ജലനിധി**

ജലനിധിയുടെ രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ പഞ്ചായത്തിനും ജലസുരക്ഷാ രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. ജലസംരക്ഷണവും പരിപാലനവും നടപ്പാക്കുന്നതിന് ഭൂജലപരിപോഷണ പദ്ധതികളും ഇതുപ്രകാരം രൂപീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

**ഭൂജലവകുപ്പ്**

ഭൂജലത്തിന്റെ ഉപയോഗം നിയന്ത്രിക്കുന്നതിനും ക്രമീകരിക്കുന്നതിനുമായി കേരള ഭൂജല (നിയന്ത്രണവും ക്രമീകരണവും) ആക്ട് 2002 നിലവിലുണ്ട്. ഈ ആക്ടിന്റെ പരിധിയിൽ നിന്നുകൊണ്ട് ഭൂജലത്തിന്റെ സംരക്ഷണത്തിനും പരിപോഷണത്തിനും പദ്ധതികൾ ഭൂജലവകുപ്പ് നടപ്പിലാക്കിവരുന്നു. ഇതിൻ പ്രകാരം ഭൂജലശേഷി വർദ്ധിപ്പിക്കുന്നതിനായി ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും എന്ന പദ്ധതി നടപ്പാക്കിവരുന്നു. തടയണകൾ, അടിയണകൾ, മഴക്കുഴികൾ, ഇറന്ന കിണർ വഴിയുള്ള റീ ചാർജ്ജിംഗ് എന്നിവ ഇതിനുകീഴിൽ നടപ്പാക്കിവരുന്നു.

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്:

1. മഴക്കാലത്ത് ലഭ്യമാകുന്ന ജലം സംരക്ഷിച്ച് സംഭരിക്കുക
2. കൃഷിക്ക്/അനുബന്ധ ആവശ്യങ്ങൾക്ക് ആവശ്യമായ ജലം ലഭ്യമാക്കുക.
3. ഭൂഗർഭജലവിതാനം താഴ്ന്നുപോകാതെ സംരക്ഷിക്കുക.
4. ജലസ്രോതസ്സുകളുടെ സമീപ പ്രദേശങ്ങളിലുള്ള കിണറുകളിലെ ജലവിതാനം സ്ഥായിയായി നിലനിർത്തുക.
5. ജലസ്രോതസ്സുകളുടെ സംരക്ഷണവും പരിപാലനവും ഉറപ്പാക്കുക
6. പരിസ്ഥിതി സന്തുലനാവസ്ഥ നിലനിർത്താനാവശ്യമായ ജലം ലഭ്യമാക്കുക.

(സി) ജനപ്രതിനിധികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പൊതുജനങ്ങൾ എന്നിവരുടെ നിർദ്ദേശാനുസരണമാണ് ജലസ്രോതസ്സുകളുടെ സംരക്ഷണ പ്രവൃത്തികൾ മുൻഗണന നൽകി ഏറ്റെടുക്കുന്നത്. പൊതുജനങ്ങളുടെ/റസിഡന്റ്സ് അസോസിയേഷനുകളുടെ സഹകരണം പദ്ധതി നടത്തിപ്പിൽ ലഭിക്കാറുണ്ട്. കൂടാതെ തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള സഹകരണവും തേടാറുണ്ട്.

ഗ്രാമപഞ്ചായത്തും ബി.ജി. (ഗുണഭോക്തൃസമിതി) ഫെഡറേഷനുമാണ് ജലനിധി പദ്ധതികളുമായി സഹകരിക്കുന്നത്.

(ഡി) **ജലസേചന വകുപ്പ്**

വരൾച്ചയുണ്ടായാൽ ഉണ്ടാകാവുന്ന ജലദൗർലഭ്യം പരിഹരിക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. കൂടാതെ നീർത്തടാടിസ്ഥാനത്തിലാണ് പ്രവൃത്തികൾ നിർവ്വഹിച്ചു വരുന്നത് എന്നതിനാൽ നദീതടത്തിലെ ജലലഭ്യത വർദ്ധിപ്പിക്കുന്നതിനും അതുവഴി നദികളിലെയും മറ്റ് ജലസ്രോതസ്സുകളിലേയും നീരൊഴുക്ക് സ്ഥായിയാക്കുന്നതിനും/ വർദ്ധിപ്പിക്കുന്നതിനും കഴിയും.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

**കേരള വാട്ടർ അതോറിറ്റി**

വരൾച്ച പ്രതിരോധിക്കുന്നതിനായി ജലസ്രോതസ്സുകളിലെ ജലവിതാനം കുറയുന്നത് തടയുന്നതിനും ജലവിതാനം ഉയർത്തുന്നതിനുംവേണ്ടി കേരള വാട്ടർ അതോറിറ്റിയുടെ വിവിധ ജലവിതരണ പദ്ധതി പ്രദേശങ്ങളുടെ സ്രോതസ്സുകളിൽ തടയണ നിർമ്മാണം, സ്രോതസ്സുകളിലെ ചെളി, മണ്ണ് എന്നിവ നീക്കം ചെയ്യൽ, ഇൻഫിൽട്രേഷൻ, ഗാലറി ശുദ്ധീകരണം എന്നീ പ്രവൃത്തികൾ ധനലഭ്യതയ്ക്കനുസൃതമായി വരൾച്ചാ ദുരിതാശ്വാസ പ്രവൃത്തികളിൽ ഉൾപ്പെടുത്തി ചെയ്യുവരുന്നു.

**ജലനിധി**

കിണറുകളിലെ point recharge, roof water harvesting, ചെറുകിട തടയണകൾ, Gabion structure, Radial Arm, നീർക്കുഴികൾ, ഓട (ഓവ്ചാൽ നിർമ്മാണം), sub-surface dyke എന്നീ രീതികൾ ഭൂമിയുടെ കിടപ്പനുസരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

**ഭൂജലവകുപ്പ്**

കൃത്രിമ ഭൂജല സംപോഷണംവഴി ഭൂജലവിതാനത്തിന്റെ നിരപ്പ് വർദ്ധിക്കുന്നതുമൂലം വേനൽക്കാലത്ത് കിണറുകളിലെ ജലവിതാനം താഴുപോകാതെ സംരക്ഷിക്കപ്പെടുന്നു.

**മുല്ലപ്പെരിയാർ മേൽനോട്ട സമിതിയുടെ പ്രവർത്തനം**

**197 (889)** ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014 ഡിസംബറിൽ മുല്ലപ്പെരിയാർ ജലനിരപ്പ് 142 അടിയിലേക്ക് ഉയർത്തിയപ്പോൾ അതിന് മേൽനോട്ടം വഹിക്കേണ്ട സമിതിയുടെ പ്രവർത്തനം വിലയിരുത്തിയിരുന്നോ ;

(ബി) മേൽനോട്ടം സമിതിയുടെ അദ്ധ്യക്ഷന്റെ പ്രവർത്തനം അങ്ങേയറ്റം പക്ഷപാതപരമായിരുന്നെന്നകാര്യം പരിശോധിച്ചിട്ടുണ്ടോ ; വസ്തുതകളുടെ വെളിച്ചത്തിൽ ഇക്കാര്യം സുപ്രീംകോടതിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ ;